# പ്രാർത്ഥന; ആവശ്യം കൃത്യമായി പറയുക



പാസ്റ്റർ ബാബു ചെറിയാൻ, പിറവം

**ലൂക്കോസ് 11 : 5-10**

ഈ ഉപമയിലെ ഒന്നാമത്തെ സന്ദേശം ലജ്ജ കൂടാതെ മുട്ടുക എന്നതാണെങ്കിൽ രണ്ടാമത്തെ സന്ദേശം ആവശ്യം കൃത്യമായി പറയുക എന്നതാണ്. ഒഴുക്കൻ പ്രാർത്ഥനയ്ക്ക് കൃത്യമായ മറുപടി വരില്ല. അവൻ സ്നേഹിതനെ അർദ്ധരാത്രി വിളിച്ചുണർത്തിയശേഷം എന്തെങ്കിലും തരണേ എന്നല്ല പറഞ്ഞത്. സ്നേഹിതാ എനിക്ക് മൂന്നപ്പം തരണം. എന്റെ ഒരു സ്നേഹിതൻ വഴിയാത്രയിൽ എന്റെ അടുക്കൽ വന്നു. അവനു കൊടുപ്പാൻ എന്റെ പക്കൽ ഒന്നുമില്ല.

ഇതുപോലെ പ്രാർത്ഥനയിൽ കൃത്യത വേണം. നിന്റെ ആവശ്യം എന്താണെന്ന് ഒന്നുകൂടി ഉറപ്പുവരുത്തുക. ദൈവത്തിന്റെ സന്നിധിയിൽ വ്യക്തമല്ലാതെ എന്തെങ്കിലും പുലമ്പിയാൽ എങ്ങിനെ മറുപടി ലഭിക്കും. നിലവിളിച്ച കുരുടനോട് യേശു ചോദിച്ചത് ഞാൻ നിനക്കെന്തു ചെയ്തു തരണം എന്നാണ്. അവൻ അവന്റെ ആവശ്യം വ്യക്തമാക്കിയപ്പോൾ യേശു കർത്താവ് അതു ചെയ്തുകൊടുത്തു.

കൃത്യതയോടെ പ്രാർത്ഥിക്കുവാൻ ആദ്യമൊക്കെ അല്പം പ്രയാസം തോന്നാം. എന്നാൽ അൽപസമയങ്ങൾ ദൈവത്തെ കാത്തിരുന്നാൽ പരിശുദ്ധാത്മാവു തന്നെ നമ്മെ കൃത്യതയിലേക്കു നയിക്കും. ധൃതി പിടിക്കാതെ ദൈവത്തിന്റെ മുഖം അന്വേഷിക്കുക, അവനെ സ്തുതിക്കുക, ആരാധിക്കുക, പാടുക, ധ്യാനിക്കുക, തിരുമുഖത്തേക്കു നോക്കി മൗനമായിരിക്കുക. കുറെ സമയങ്ങൾ കഴിയുമ്പോൾ ആവശ്യഭാരങ്ങളാലും ആകുല ചിന്തകളാലും കലങ്ങിയിരുന്ന നമ്മുടെ മനസ്സ് ശാന്തമാകാൻ തുടങ്ങും. അൽപം വൈകിയാലും കൃത്യതയോടെ പ്രാർത്ഥിക്കുവാൻ പരിശുദ്ധാത്മാവു നമ്മെ സഹായിക്കും. അതു സാദ്ധ്യമായാൽ മറുപടിയും ഉടൻ സാദ്ധ്യമാകും നിശ്ചയം.

### അവൻ അവനുവേണ്ടിയല്ല മുട്ടിയത്

ഈ ഉപമയിലെ മറ്റൊരു പ്രധാന ചിന്ത അവൻ അവനുവേണ്ടി പ്രാർത്ഥിച്ചില്ല എന്നുള്ളതാണ്. നാം നമുക്കുവേണ്ടി പ്രാർത്ഥിക്കണം എന്നതു സത്യമായിരിക്കുമ്പോൾ തന്നെ ഇവിടുത്തെ സന്ദേശം മദ്ധ്യസ്ഥപ്രാർത്ഥനയാണ്. അപ്പമില്ലാതെ അർദ്ധരാത്രിയിൽ വിശന്നുവന്ന സ്നേഹിതനു വേണ്ടിയാണിവൻ നിലവിളിക്കുന്നത്. തനിക്കുവേണ്ടിയായിരുന്നെങ്കിൽ അൽപം ലജ്ജ തോന്നുമായിരുന്നു. എന്നാൽ ഇപ്പോൾ മറ്റൊരാൾക്കു വേണ്ടിയാണ്.

ഇത് ആത്മാക്കളുടെ വിടുതലിനുവേണ്ടിയുള്ള പ്രാർത്ഥനയത്രെ. നാം നമുക്കുവേണ്ടിയും നമ്മുടെ കുടുംബത്തിനുവേണ്ടിയും മാത്രം പ്രാർത്ഥിക്കാതെ, നഷ്ടപ്പെടുന്ന ജനത്തിനുവേണ്ടിയും പ്രാർത്ഥിക്കണം എന്നു കർത്താവു പഠിപ്പിക്കുന്നു. മറ്റുള്ളവരുടെ വിടുതലിനുവേണ്ടി ലജ്ജ കൂടാതെ നാം മുട്ടണം. ആത്മാക്കൾ വിടുവിക്കപ്പെടുന്നതുവരെയും പ്രാർത്ഥനയിൽ പോരാടണം.

### വേണ്ടുന്നിടത്തോളം കൊടുത്തു

മൂന്നപ്പമാണ് ചോദിച്ചതെങ്കിലും വേണ്ടുന്നിടത്തോളം കൊടുത്തു എന്നാണ് ആ ഉപമ പറയുന്നത്. ആദ്യം അൽപം തടസ്സം പറഞ്ഞെങ്കിലും അൽപം വൈകിപ്പിച്ചെങ്കിലും ഒടുവിൽ അവൻ വാതിൽ തുറന്നു. ചോദിച്ചതിലും അധികം ആവശ്യാനുസരണം കൊടുത്തു. നമ്മുടെ കർത്താവിന്റെ സ്വഭാവമാണിവിടെ വെളിപ്പെടുന്നത്. നിന്റെ പ്രാർത്ഥനയ്ക്ക് ആദ്യമൽപം തടസ്സം നേരിട്ടാലും, അൽപം വൈകിയാലും അവൻ എഴുന്നേൽക്കുമ്പോൾ നിനക്കു വേണ്ടുന്നിടത്തോളം അവൻ തരും. ■

**Be in Mumbai or Navi Mumbai.... No Problem !!**
**Just make a call Our Rep. will be at your doorstep**

**LI-SO GRAPHICS**
**SAKINAKA & PANVEL**

SERVICE AT THE ACCURATE TIME IS IMPORTANT

**32 YEARS OF EXPERIENCE IN:**
**LOGO & MONOGRAM DESIGNING WITH MULTI COLOUR PRINTING**

A-2&3, Mahanand Yadav Bhuvan, Near Sai Studio, Parerawadi, Pipe Line, Sakinaka, Mumbai-400 072.
B-104, National Palace, Takka Panvel, Navi Mumbai - 410 206.
Tel.: 2852 0144 / 2859 0452 Mob.: 9821236319 / 9619051603
E-mail : lisojames@yahoo.co.in / lisojames@india.com
*Proprietor : James Varghese*
Advt. 30

# പ്രെയ്സ് ആൻഡ് വർഷിപ്പും വർഷിപ്പ് ഡാൻസും



പാസ്റ്റർ ജോയ് സി. മാത്യു



വിശ്വാസ വചന പ്രസ്ഥാനം ആഗോള വ്യാപകമായി പ്രചരിപ്പിച്ച അഭിവൃദ്ധി സുവിശേഷത്തിന്റെ മറ്റൊരു ഉത്പാദന മാണ് 'പ്രെയ്സ് ആന്റ് വർഷിപ്പ് ' (സ്തുതിയും ആരാധനയും), 'വർഷിപ്പ് ഡാൻസും' (ആരാധനാ നൃത്തം). ആധുനികവത്കരിക്കപ്പെട്ട പല സഭാ ആരാധനകളിലും 'പ്രെയ്സ് ആൻഡ് വർഷിപ്പും വർഷിപ്പുഡാൻസും' സമയത്തിന്റെ മുഖ്യ പങ്കും കവർന്നെടുത്തിരിക്കുന്നു. പഴയ ആരാധനാ രീതികളോടു മടുപ്പുണ്ടായിരുന്ന ദൈവജനത്തിൽ നല്ലൊരു പങ്കും ഈ നവീന കർമ്മപരിപാടി ഹാർദ്ദവമായി സ്വാഗതംചെയ്തു. പ്രത്യേകിച്ച് പോപ്പും, റാപ്പും, ഡപ്പാം കൂത്തും ഇഷ്ടപ്പെടുന്ന ഒരു യുവതലമുറ ! ദൈവജനത്തിൽ ഒരു ചെറു വിഭാഗം ഇത്തരം നവീന ശുശ്രൂഷകളെ ശക്തമായി എതിർക്കുന്നു എന്നത് ശരി തന്നെ. പക്ഷെ ഇന്നത്തെ യുവതലമുറയെ ദൈവസഭയിലേക്ക് ആകർഷിക്കുവാനും അടുപ്പിക്കാനും ഇതൊക്കെ അനിവാര്യമാണ് എന്ന വാദത്തിന് മുമ്പിൽ അവർക്കും ഇത്തരം വചനവിരുദ്ധ ശുശ്രൂഷകൾക്ക് മൗനാനുവാദം നൽകേണ്ടി വരുന്നു.

രക്ഷിക്കപ്പെട്ട ആദിമ സമൂഹം കർത്താവിനെ ആരാധിക്കുന്നതിൽ വളരെ ശുഷ്കാന്തിയുള്ളവരായിരുന്നു. അവർ ഒരുമിച്ചു കൂടി 'ദിനമ്പ്രതി' കർത്താവിനെ ആരാധിച്ചു വന്നു (പ്രവൃ. 2:46). ഇത്തരം കൂടിവരവുകളിൽ അവർ ചെയ്തു പോന്ന ഏതെങ്കിലും ഒരു പ്രത്യേക ചടങ്ങായിരുന്നില്ല ആരാധന. കർത്താവിന്റെ നാമത്തിൽ കൂടി വന്ന് അവർ ചെയ്തു പോന്ന സകല കൃത്യങ്ങളെയും ഒരുമിച്ചു പറയുന്ന പേരായിരുന്നു ആരാധന എന്നത്. അതിൽ അപ്പോസ്തലന്മാരുടെ ഉപദേശം കേൾക്കുക, കൂട്ടായ്മ ആചരിക്കുക, അപ്പം നുറുക്കുക, പ്രാർത്ഥന കഴിക്കുക (പ്രവ. 2:24) എന്നിവയ്ക്ക് സ്ഥാനം ഉണ്ടായിരുന്നു. സങ്കീർത്തനങ്ങൾ, സ്തുതികൾ, ആത്മീക ഗീതങ്ങൾ (എഫെ. 5:18, 19), ദൈവവചന പഠനം, ബുദ്ധിയുപദേശം (കൊലോ. 3:16) എന്നിവയൊക്കെ ആത്മീയ സഭയുടെ ആരാധനയുടെ ഘടകമായിരുന്നു. അവർ കൂടിവരുമ്പോൾ അനുഭവ സാക്ഷ്യങ്ങൾ പങ്കുവെച്ചിരുന്നു. (പ്രവൃ. 21:10) ഉപദേശം, വെളിപ്പാടു, അന്യഭാഷ, വ്യാഖ്യാനം തുടങ്ങിയ കൃപാവര ശുശ്രൂഷകൾക്കും പ്രാധാന്യം നൽകിയിരുന്നു (1 കൊരി. 14:26). ആരാധനയെല്ലാം സമഞ്ജസമായ സമ്മേളനമായിരുന്നു എന്നു ഗ്രഹിക്കണം. അതാകട്ടെ പൂർണ്ണമായും നിയന്ത്രിച്ചത് ദൈവാത്മാവു തന്നെയായിരുന്നു (എഫെ. 5:18). എന്നാൽ ഇന്നത്തെ സഭയിൽ പാട്ടുപാടുന്നതും നൃത്തം ചെയ്യുന്നതും മാത്രമാണ് ആരാധന എന്നൊരു ചിന്ത എങ്ങനെയോ കടന്നു കൂടിയിട്ടുണ്ട്. ഇതു അപകടകരമായ ഒരു ദുരൂപദേശമാണ്.

## എന്താണ് പ്രെയ്സ് ആൻഡ് വർഷിപ്പ്

ആധുനിക സംഗീതോപകരണങ്ങളുടെ അകമ്പടിയോടെ ശരീരമിളക്കിയും ആടിയും തുള്ളിയും തുടർമാനമായി പത്തോ ഇരുപതോ ഗാനങ്ങൾ കൂട്ടിക്കെട്ടിപ്പാടുക ! ഇതിനിടയിൽ വർഷിപ്പ് ലീഡു ചെയ്യുന്ന ആളുടെ മനോധർമ്മമനുസരിച്ച് പാട്ടിനെക്കുറിച്ചും ആരാധനയെക്കുറിച്ചും മറ്റും നടത്തുന്ന നെടുങ്കൻ മുഖവുരകൾ! പലതും ദൈവവചനത്തിന്റെ അടിസ്ഥാന പാഠങ്ങളെത്തന്നെ ലംഘിക്കുന്നു എന്നതാണ് ഏറ്റവും വൈചിത്ര്യം! 'ആരാധിച്ചാൽ വിടുതലെ'ന്നും 'ആരാധിച്ചാൽ സൗഖ്യ' മെന്നും തട്ടിമൂളിക്കുന്ന ഇവർ ആരാധന മാത്രമാണ് മനുഷ്യന്റെ സകല പ്രശ്നങ്ങൾക്കും ഏക പരിഹാരമെന്ന് ജനത്തിനു മുമ്പിൽ സമർത്ഥിക്കുന്നു. അങ്ങനെ ആരാധനയിൽ വിടുതൽ പ്രാപിച്ചവരുടെ അനുഭവസാക്ഷ്യങ്ങളും നിറം പിടിപ്പിച്ച ഉപകഥകളും കൊണ്ട് അത്യാകർഷകമാണ് 'പ്രെയ്സ് ആൻഡ് വർഷിപ്പ് '. കാതടപ്പിക്കുന്ന ഇലക്ട്രിക്ക് ഇലക്ട്രോണിക്സ് സംഗീതോപകരണങ്ങളുടെ അതിപ്രസരം ആരാധകരെ ഒരുതരം ഉന്മാദാവസ്ഥയിലേക്കാണ് കൊണ്ടുചെന്നെത്തിക്കുന്നത്. അടുത്തിരിക്കുന്ന ആളുകൾക്ക് കൈ കൊടുത്തും കൈതട്ടിയും കൈമുട്ടിയും കൈ ഉയർത്തിയും മുന്നേറുന്ന ഈ കപട നാടകം ഒരുതരം ആനന്ദമൂർച്ചയോടെ ആടിത്തീർക്കുന്നതോടുകൂടി 'പ്രെയ്സ് ആന്റ് വർഷിപ്പി'നു നേതൃത്വം കൊടുക്കുന്നവരും സംഗീതോപകരണങ്ങൾ മീട്ടിയവരും തങ്ങളുടെ കടമ നിർവ്വഹിച്ച് രംഗമൊഴിയുന്നു. തുടർന്നു നടക്കുന്ന പ്രാർത്ഥന, വചന ധ്യാനം തുടങ്ങിയ പരമ്പരാഗത ശുശ്രൂഷകൾ അരസികവും 'പ്രെയ്സ് ആന്റ് വർഷിപ്പി'ൽ ഉൾപ്പെടാത്തതു മത്രെ എന്നാണു ഇത്തരക്കാരുടെ മനോഭാവം !

മറ്റു പല ആത്മീയ അപപാഠങ്ങൾ പോലെ ഇതും ഉടലെടുത്തത് അമേരിക്കയിൽത്തന്നെ. വചന പ്രകാരമുള്ള ആരാധനയുടെ പൊരുളറിയാത്ത ചിലർ ഇതിനെയും ഭാരതത്തിലേക്കു പറിച്ചു നട്ടു. ഇന്നു നമ്മുടെ പല ആത്മീയ കൂടിവരവുകളിലെയും അവശ്യഘടകമായി 'പ്രെയ്സ് ആന്റ് വർഷിപ്പ്' മാറിയിരിക്കുന്നു.

'പ്രെയ്സ് ആന്റ് വർഷിപ്പ് ' എന്നത് ആരാധനയെ കേവലം സംഗീതം മാത്ര

മായി സമീകരിക്കുന്ന വചന വിരുദ്ധമായ ഒരു ആധുനിക ആശയമാണ്. ഈ ആശയമനുസരിച്ച് എവിടെ ആരാധനയുണ്ടോ അവിടെ സംഗീതമുണ്ടായേ തീരൂ - അതായത് ആരാധന എന്നത് സംഗീതത്താൽ നിയന്ത്രിക്കപ്പെടുന്നത് മാത്രമായിരിക്കണം. ഇത് ദൈവവചനത്തിൽ നിന്നും അന്യമായ ഒരു ധാരണയാണ്.

ആരാധനയിൽ പാട്ടുകൾക്ക് മുഖ്യമായ സ്ഥാനമുണ്ട്. നമ്മുടെ ഹൃദയ വികാരങ്ങളെ ഇത്ര ഫലപ്രദമായി അവതരിപ്പിക്കാൻ പാട്ടുകളേക്കാൾ നല്ലൊരു മാധ്യമമില്ല. പഴയനിയമ ആരാധനകളിൽ പാട്ടുകൾക്കും വാദ്യോപകരണങ്ങൾക്കും പ്രത്യേക സ്ഥാനങ്ങൾ കൽപിച്ചിരുന്നു. എന്നാൽ ഓർക്കുക, പാട്ടുകൾ മാത്രമല്ല, ആരാധന. ഒരു പടി കൂടെ കടന്നു പറഞ്ഞാൽ ആരാധനയിൽ പാട്ട് ഒരു അനിവാര്യ ഘടകമേയല്ല. കർത്താവിന്റെ ശിഷ്യന്മാർ കർത്താവിനെ ആരാധിച്ചതു നോക്കൂ.

''അവൻ പടകിൽ കയറിയപ്പോൾ കാറ്റു അമർന്നു, പടകിലുള്ളവർ നീ ദൈവപുത്രൻ സത്യം എന്നു പറഞ്ഞു അവനെ നമസ്കരിച്ചു'' (മത്താ. 14: 32-33).

''എന്നാൽ യേശു അവരെ എതിരേറ്റു: നിങ്ങൾക്കു വന്ദനം എന്നു പറഞ്ഞു: അവർ അടുത്തു ചെന്നു അവന്റെ കാൽ പിടിച്ചു അവനെ നമസ്കരിച്ചു'' (മത്താ. 28:9).

''അവർ അവനെ നമസ്കരിച്ചു മഹാസന്തോഷത്തോടെ യെരുശലേമിലേക്ക് മടങ്ങിച്ചെന്നു. എല്ലായ്പ്പോഴും ദൈവാലയത്തിൽ ഇരുന്നു ദൈവത്തെ വാഴ്ത്തിപ്പോന്നു'' (ലൂക്കോ. 24:52-53).

ഇവിടെയെല്ലാം മലയാളത്തിൽ 'നമസ്കരിച്ചു' എന്നു കാണുന്നിടത്ത് 'ആരാധിച്ചു' (worshipped) എന്നാണ് ഇംഗ്ലീഷിൽ. ശ്രദ്ധിക്കുക, ഇവിടെ ഒരിടത്തു പോലും പാട്ടു പാടിയതായി തെളിവുകളില്ല. യേശുവിനെ ദൈവമായ് അവർ അംഗീകരിക്കുകയും അതു പ്രഖ്യാപിക്കുകയും മാത്രമാണിവിടെ ചെയ്തത്. വാക്കാൽ അതു പറയുകയും അതിനു തെളിവായി കർത്താവിനു മുമ്പിൽ സാഷ്ടാംഗം അവർ പ്രണമിക്കുകയും ചെയ്തു. വെളിപ്പാടു പുസ്തകത്തിൽ പറയുന്ന, സ്വർഗ്ഗത്തിൽ നടക്കുന്ന ആരാധനാ രംഗത്തിലും നാലു ജീവികളും ഇരുപത്തിനാലു മൂപ്പന്മാരും പാടിക്കൊണ്ടല്ല, 'പറഞ്ഞു' (saying) കൊണ്ടാണു കുഞ്ഞാടിനെ ആരാധിക്കുന്നത് (വെളി. 4:8, 5:9-10 ൽ മാത്രമേ അവർ 'പാടുന്ന' തായി പറഞ്ഞിട്ടുള്ളൂ.)

പട്ടണത്തിലെ പാപിനിയായ സ്ത്രീയുടെ ആരാധന ശബ്ദരഹിതമായിരുന്നു (ലൂക്കോ. 7:36-39). അവൾ ഒരു വെൺകൽഭരണി പരിമളതൈലം കൊണ്ടുവന്നു, കണ്ണീർകൊണ്ടു കർത്താവിന്റെ കാൽ നനച്ചു. തലമുടി കൊണ്ടു തുടച്ചു. കാൽ ചുംബിച്ചു തൈലം പൂശി. ഈ സ്ത്രീയുടെ ആരാധന, വാക്കുകൾ കൊണ്ടോ പാട്ടുകൾ കൊണ്ടോ വെളിപ്പെടുത്തുവാൻ കഴിയുന്നതിനും അപ്പുറമായിരുന്നു. ഒരു പക്ഷെ, മൗനമായ ആരാധനയ്ക്കും അപ്പുറം ഒരു വലിയ മാനമുണ്ട്. യേശുവിനെ വീണ്ടെടുപ്പുകാരനായും ദൈവമായും രക്ഷിതാവായും ഹൃദയംഗമായി അംഗീകരിക്കുന്നതാണ് യഥാർത്ഥ ആരാധന. അതാണവൾ ചെയ്തത്. ഈ സ്ത്രീ വിലപ്പെട്ട ഒരു പാഠമാണ് നമ്മെ പഠിപ്പിക്കുന്നത് - യഥാർത്ഥ ആരാധന ശബ്ദമുഖരിതമാകണമെന്നില്ല.

തുടരും ●


*Household and Car Shifting Peoples*

**JOLLY SPEED CARGO**
PACKERS AND MOVERS

The Ultimate Movers

QMS ISO 9001 ISPL SystemCert — DAC CB-022-MS

An ISO 9001 : 2008 Certified Company

**Domestic / International / Local**

• Packing • Handling • Unpacking
• Transportation • Insurance
• Warehousing • Car Transportation

വീട്ടുസാധനങ്ങൾ പ്രൊഫഷണലായി പായ്ക്ക് ചെയ്ത്
ഇൻഷൂറൻസോടുകൂടി കേരളം ഉൾപ്പെടെ
ഇന്ത്യയിലെവിടെയും തിരിച്ചും എത്തിക്കുന്നു.

തിരുവല്ല, അടൂർ, കോട്ടയം,
കൊച്ചി, തൃശ്ശൂർ, കണ്ണൂർ, തിരുവനന്തപുരം



MR. JOHN P. CHERIAN
Cell : 9892191241

DOOR to DOOR



**Tel.: 022 - 25915959 / 25913737**

Off.: 44/1, Saidham Arcade, P. K. Road, Near St. Mary's School, Mulund (W), Mumbai - 80.
Email : jollyspeedcargo@ymail.com, Web.: www.jollyspeedcargo.com

Andheri : 9892191241 | Kalyan : 9833696920 | Navi Mumbai : 9833697030

COCHIN • MUMBAI • BANGLORE • CHENNAI • DELHI • AHMEDABAD • HYDERABAD

# ഷോലാപ്പൂർ വഴി കോലാപ്പൂരിലേക്ക് - ഒരു മിഷൻ യാത്ര -



**ഉമ്മൻ എബനേസർ തുമ്പമൺ.**

**തി**രക്കുള്ള മുംബൈ ദാദർ റയിൽവേ സ്റ്റേഷനിൽ നിന്നും ഞങ്ങൾ എക്സ് പ്രസ് ട്രെയിൻ യാത്ര തിരിച്ചു. ഷോലാപ്പൂ രിലേക്കായിരുന്നു ഞങ്ങളുടെ യാത്ര. കോലാപ്പൂരിൽ നടക്കുന്ന മിഷ്യൻ പ്രവർത്തനങ്ങൾക്ക് ഇപ്രാവശ്യം രണ്ട് ഗ്രൂപ്പായിട്ടാണ് ബോംബെയിൽ നിന്ന് ഞങ്ങൾ യാത്ര തിരിച്ചത്. പാസ്റ്റർ പി. ജോയിയുടെ നേതൃത്വത്തിൽ ഷോലാപ്പൂർ വഴി കോലാപ്പൂരിലേക്കും പാസ്റ്റർ ജോസഫ് ജോർജിന്റെ നേതൃത്വത്തിൽ മുംബൈയിൽ നിന്ന് നേരിട്ടു കോലാപ്പൂരിലേക്കും. ഷോലാപ്പൂരിലേക്കുള്ള ടീമിൽ പാസ്റ്റർ പി. ജോയി, പാസ്റ്റർ ജി. ജോയിക്കുട്ടി, സഹോ. ഉമ്മൻ എബ്രഹാം, ഇവാ. പി. വൈ. ഫിലിപ്പും കുടുംബവും, ഇവാ. ഉമ്മൻ എബനേസറും കുടുംബവും, ബ്രദർ സന്തോഷ് ജോസഫ്, സിറ്റർ ക്രിസ്റ്റി ചാക്കോ എന്നിവരുണ്ടായിരുന്നു. രാത്രിയിൽ യാത്രതിരിച്ച ഞങ്ങൾ പ്രഭാതത്തിൽ ഷോലാപ്പൂർ സ്റ്റേഷനിൽ എത്തിച്ചേർന്നു. ഞങ്ങളെ സ്വീകരിക്കുവാൻ വിശ്വാസികളായ സിസ്റ്റർ മാർത്തയും ബ്രദർ പരംഷെട്ടിയും സ്റ്റേഷനിൽ എത്തിയിരുന്നു. അവർ അവിടെയുള്ള എബനേസർ സഭയിലെ അംഗങ്ങളായിരുന്നു.

### എന്തുകൊണ്ട് ഷോലാപ്പൂർ ?

മഹാരാഷ്ട്രയിലെ വളരെ തിരക്കേറിയ ഒരു സിറ്റിയാണ് ഷോലാപ്പൂർ. മരുഭൂമിപോലെ വരണ്ട പ്രദേശമാണിത്. മുസ്ലീങ്ങളും ഹൈന്ദവരും തിങ്ങിപാർക്കുന്ന സ്ഥലം. സുവിശേഷം പ്രചരിപ്പിക്കുവാൻ ഇന്നും തടസ്സങ്ങൾ ബാക്കി നിൽക്കുന്ന പ്രദേശം. 1950-ലാണ് തലവടി സ്വദേശിയായ പാസ്റ്റർ എൻ.റ്റി. കുരുവിള സുവിശേഷവുമായി അവിടെ എത്തുന്നത്. തനിക്കു ലഭിച്ച ഒരു ദർശനത്തിന്റെ ഫലമായിട്ടാണ് ഷോലാപ്പൂർ പട്ടണം സുവിശേഷ പ്രചാരണത്തിനായി തിരഞ്ഞെടുത്തത്. നിരവധി പ്രതികൂലങ്ങളിലൂടെ സുവിശേഷം അറിയിച്ച അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി നിരവധി തദ്ദേശിയർ ദൈവഭാഗത്തേക്ക് വരികയുണ്ടായി. തുടർന്ന് 1963-ൽ വിശാലമായ എബനേസർ സഭാ ഹോൾ പണിത് അവിടെ ആരാധന തുടങ്ങി. നീണ്ട 40 വർഷത്തോളം ഷോലാപ്പൂരിലെ ഒരു മിഷനറിയായി താൻ പ്രവർത്തന നിരതനായിരുന്നു. ഇന്നദ്ദേഹം കർത്താവിന്റെ സന്നിധിയിൽ വിശ്രമിക്കുന്നു. സുവിശേഷ പ്രചാരണത്തിന് സാദ്ധ്യതകൾ നിറഞ്ഞ ഷോലാപ്പൂരിൽ എപ്രകാരം സുവിശേഷ പ്രചാരണം ഊർജിതമാക്കുവാൻ കഴിയും എന്നും അതിന്റെ സാദ്ധ്യതകൾ നേരിട്ടുപോയി മനസ്സിലാക്കുന്നതിനുമാണ് ഞങ്ങളുടെ സുവിശേഷ ടീം ഷോലാപ്പൂർ വഴി യാത്ര ചെയ്തത്. അന്നു വൈകിട്ട് എബനേസർ ഹാളിൽ നടന്ന മീറ്റിംഗിൽ ഏകദേശം 150 വിശ്വാസികൾ പങ്കെടുത്തു. യു,എസിൽ നിന്നും വന്ന പാസ്റ്റർ കുരുവിളയുടെ മകളായ ജോളി ഫിലിപ്പിനെയും സൂസി സാമുവേലിനെയും ഇതര ടീം അംഗങ്ങളെയും ഈ സഭ ഹാർദ്ദവമായി സ്വീകരിച്ചു. അന്നു രാത്രിയിൽ നടന്ന മീറ്റിംഗിൽ ബ്രദർ സന്തോഷ് ജോസഫിന്റെ വചനശുശ്രൂഷ വളരെ അനുഗ്രഹപ്രദമായിരുന്നു. പാസ്റ്റർ ജി. ജോയിക്കുട്ടിയും തുടർന്നു പ്രസംഗിച്ചു. സമീപ പ്രദേശങ്ങളിലെ സ്വതന്ത്രസഭകളിൽ ശുശ്രൂഷിക്കുന്ന കുറേ മലയാളി ശുശ്രൂഷകരും വിശ്വാസികളും നിരവധി തദ്ദേശിയരും മീറ്റിംഗിൽ സംബന്ധിച്ചിരുന്നു. ഐ.പി. സി. മഹാരാഷ്ട്രാ സ്റ്റേറ്റിന്റെ പ്രവർത്തനങ്ങളോട് താൽപര്യമുള്ളവരും അതിനോട് ചേർന്നുനിന്ന് പ്രവർത്തിക്കുവാൻ ആഗ്രഹമുള്ള നിരവധി ശുശ്രൂഷകർ അവിടെയുണ്ടെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു. രാംവാടി എന്ന സ്ഥലത്ത് ഐ.പി.സി. മഹാരാഷ്ട്രയ്ക്ക് സ്വന്തമായി സ്ഥലവും ഹോളും ഉണ്ട്. അവിടെ താമസിയാതെ പാഴ്സനേജ് പണിയുവാനും ബാലവാടിയും തയ്യൽ സ്കൂളും ആരംഭിക്കുവാനും ഐ.പി.സി. മഹാരാഷ്ട്രയ്ക്ക് പദ്ധതിയുള്ളതായി അറിയുന്നു. സിസ്റ്റർ മാർത്തയും സഹോദരൻ പരംഷെട്ടിയും തങ്ങളുടെ ഭവനത്തിൽ ഞങ്ങളെ സ്വീകരിച്ച് ഭക്ഷണം നൽകി അടുത്ത ദിവസം കോലാപ്പൂരിലേക്ക് യാത്രയാക്കി.

### കോലാപ്പൂർ ഡിസ്ട്രിക്റ്റിലെ വിവിധ പ്രവർത്തനങ്ങൾ

കേരളത്തിലേതുപോലെ തെങ്ങുകൾ ധാരാളമുള്ള ഒരു സ്ഥലമാണ് കോലാപ്പൂർ. കരിമ്പുകൃഷിയും ധാരാളമുണ്ട്. ചില വർഷങ്ങളായി മഹാരാഷ്ട്ര ഐ.പി.സി. കോലാപ്പൂരിലെ വിവിധ പ്രദേശങ്ങളിൽ ബാലവാടിയും പയനീയർ സുവിശേഷ പ്രവർത്തനങ്ങളും ചെയ്തുവരുന്നു. തൽഫലമായി വിവിധ ഗ്രാമങ്ങളിലായി നിരവധി പേർ ആരാധനയിൽ പങ്കെടുത്തു വരുന്നു. ഇവിടെ ആരാധനാ ഹാളുകൾ ഉള്ള സഭകൾ ചുരുക്കമാണ്. വാടകയ്ക്ക് എടുത്ത വീടുകളിലും മറ്റുമായി വിശ്വാസികൾ ആരാധന നടത്തിവരുന്നു. പ്രതികൂലങ്ങളിലും പ്രതിബന്ധങ്ങളിലും ദൈവവേല സന്തോഷത്തോടെ ചെയ്യുന്ന ദൈവദാസന്മാരാണ് ഇവിടെ പ്രവർത്തിക്കുന്നത്. ഇപ്പോൾ ഐ. പി. സി. കോലാപ്പൂർ ഡിസ്ട്രിക്റ്റിൽ ഇരുപത് പ്രവർത്തനങ്ങളും ആറ് ബാലവാടികളും ഉണ്ട്.

മുംബൈയിൽ നിന്ന് പാസ്റ്റർ ജോസിന്റെ നേതൃത്വത്തിൽ യാത്ര തിരിച്ച ടീം അംഗങ്ങളും കോലാപ്പൂരിൽ എത്തിച്ചേർന്നു. പൂനെയിൽ നിന്ന് ഈ പ്രവർത്തനങ്ങൾക്ക് കൈത്താങ്ങൽ നൽകുവാൻ ദൈവദാസന്മാർ കടന്നുവന്നിരുന്നു. പ്രഥമ രാത്രിയിലെ പരസ്യസ്ഥലത്തുള്ള മീറ്റിംഗ് വളരെ അനുഗ്രഹമായി നടക്കുകയുണ്ടായി. മീറജിലുള്ള ബെഥേൽ നഗറിൽ പാസ്റ്റർ അനോ പണ്ഡിറ്റ്കർ ശുശ്രൂഷിക്കുന്ന സ്ഥലത്താണ് പ്രഥമ രാത്രിയിൽ ഫിലിം പ്രദർശനം നടന്നത്. രാത്രി മീറ്റിംഗിൽ മുംബൈയിൽ നിന്ന് കടന്നുവന്ന ബ്രദർ ലിജിൻ എബ്രഹാം വചനശുശ്രൂഷ നിർവ്വഹിക്കുകയും പാസ്റ്റർ മെക്സൺ ആന്റണി പരിഭാഷപ്പെടുത്തുക

യും ചെയ്തു. ഒട്ടനവധി പേർ അന്നു രാത്രിയിലെ മീറ്റിംഗിൽ സുവിശേഷം കേൾക്കുകയും ക്രിസ്തുവിനായി സമർപ്പിക്കുകയും ചെയ്തു.

**ഖാജാബസ്തിയിലെ മെഡിക്കൽ ക്യാമ്പ്**

പ്രഭാതത്തിൽ ഷോലാപ്പൂരിൽ നിന്നും ഡോക്ടർ വൈശാലി ശ്രീഷെട്ടിയും നേഴ്സ് സിസ്റ്റർ മാർത്തയും സാമ്പ്രദറും മെഡിക്കൽ ക്യാമ്പിനായി എത്തിച്ചേർന്നു. പാസ്റ്റർ രാജൻ മാത്യു ശുശ്രൂഷിക്കുന്ന ഈ പ്രദേശം മുസ്ലീങ്ങൾ തിങ്ങിപാർക്കുന്ന സ്ഥലമാണ്. ഒരു മുസ്ലീം സ്ത്രീയുടെ വാടകകെട്ടിടത്തിലാണ് ബാലവാടി നടന്നുവരുന്നത്. ടിൻഷീറ്റു കൊണ്ട് നിർമ്മിച്ച രണ്ടു മുറിയിലായിട്ടാണ് ബാലവാടി നടന്നുവരുന്നത്. അൻപതോളം കുട്ടികൾ ബാലവാടിയിൽ പഠിക്കുന്നു. അതിൽ അധികവും മുസ്ലീങ്ങളും ഹൈന്ദവരുമാണ്. രാവിലെ മുതൽ നടന്ന മെഡിക്കൽ ക്യാമ്പിൽ നിരവധി കുട്ടികളെയും മാതാപിതാക്കളെയും ഡോക്ടർ പരിശോധിച്ച് അവർക്കുവേണ്ട മരുന്നുകളും, കുട്ടികൾക്ക് വൈറ്റമിനും വിതരണം ചെയ്തു. ഞായറാഴ്ച നടക്കുന്ന ആ പ്രദേശത്തെ ആരാധനയിൽ പങ്കെടുക്കുവാൻ അവരെ പ്രോത്സാഹിപ്പിച്ചു.

**മാൽഗോണിൽ നടന്ന പ്രവർത്തനങ്ങൾ**

ഉച്ചകഴിഞ്ഞ് മാൽഗോൺ എന്ന സ്ഥലത്തായിരുന്നു മെഡിക്കൽ ക്യാമ്പ് നടത്തിയത്. ഇവിടെ പാസ്റ്റർ സന്തോഷ് കെ.റ്റി. ശുശ്രൂഷിക്കുന്നു. റോഡിന്റെ ഇരുവശത്തും നിരവധി ചെറിയ കുടിലുകൾ. മുന്തിരി കൃഷിയും കരിമ്പു കൃഷിയും മറ്റും നടത്തുന്ന തൊഴിലാളികളാണ് ഇവിടെ താമസിക്കുന്നത്. അവരുടെ ഇടയിലെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി നടന്നുവരുന്നു. ബാലവാടിയിൽ പഠിക്കുന്ന എല്ലാ കുട്ടികളെയും ഡോക്ടർ പരിശോധിക്കുകയും അവർക്ക് വേണ്ടുന്ന മരുന്നും വൈറ്റമിനും, പുതിയ നിയമവും ബൈബിളും വിതരണം ചെയ്തു. ഫിലിം പ്രദർശനം കാണുവാൻ നിരവധിപേർ തടിച്ചുകൂടി. തുടർന്ന് ബ്രദർ സന്തോഷ് ജോസഫ് വചനശുശ്രൂഷ നിർവ്വഹിച്ചു.

**ഹൂബ്ലിയിലെ സഭാഹാളിൽ മെഡിക്കൽ ക്യാമ്പ്**

സ്വന്തമായി സഭാഹാൾ ഉള്ള ഒരു സഭയാണിത്. സിൽവർ ഉണ്ടാക്കുന്ന ഫാക്ടറിയിൽ നിന്ന് ഒഴുകിവരുന്ന വെള്ളം കെട്ടികിടക്കുന്ന ''പുറംപോക്ക് '' സ്ഥലമാണിത്. പാസ്റ്റർ സതീഷ് കാൻഗേൻ ഈ സഭയിൽ ശുശ്രൂഷിക്കുന്നു. തന്റെ ഭാര്യ വൈശാലിയാണ് ഇവിടുത്തെ ബാലവാടിക്ക് നേതൃത്വം നൽകുന്നത്. ഏകദേശം 75-ഓളം കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. ഇവിടെയുള്ള എല്ലാ കുട്ടികളെയും ഡോക്ടർ പരിശോധിച്ചു മരുന്നുകളും വൈറ്റമിനും, സ്നാക്സും വിതരണം ചെയ്തു. ശരീരം വൃത്തിയായി സൂക്ഷിക്കുവാൻ കുട്ടികളെ ഉപദേശിച്ചു.

**ജെയ്സിംഗ്പൂരിൽ നടന്ന മെഡിക്കൽ ക്യാമ്പും രാത്രി മീറ്റിംഗും**

ഈ ഗ്രാമത്തിൽ ഉച്ചകഴിഞ്ഞായിരുന്നു മെഡിക്കൽ ക്യാമ്പ്. തൽഫലമായി അത്യുഷ്ണം അനുഭവപ്പെട്ടു. പാസ്റ്റർ സുധീർ ലോണ്ടെയും തന്റെ ഭാര്യ അമൃതാ ലോണ്ടെയും ഇവിടെ ശുശ്രൂഷയിലായിരിക്കുന്നു. ഇവിടെ നടന്ന മെഡിക്കൽ ക്യാമ്പിൽ 80-ഓളം കുട്ടികൾ കടന്നുവന്നു. ഡോക്ടർ രോഗികളെ പരിശോധിച്ചു. മരുന്നുകൾ വിതരണം ചെയ്തു. വൈറ്റമിനും ബൈബിളും നൽകി. ചെരിപ്പുകൾ വിതരണം ചെയ്തു. വൈകിട്ട് സുധീറിന്റെ ഭവന അങ്കണത്തിൽ നടന്ന മീറ്റിംഗിൽ ബ്രദർ സന്തോഷ് ജോസഫ് വചന ശുശ്രൂഷ നിർവ്വഹിക്കുകയും തുടർന്ന് പാസ്റ്റേഴ്സ് രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

**യാദവനഗറിലെ പ്രവർത്തനങ്ങളും മെഡിക്കൽ ക്യാമ്പും**

വളരെ പ്രതികൂലങ്ങൾ ഉള്ളതും തിരക്കേറിയതുമായ ഒരു സ്ഥലമാണ് കോലാപ്പൂരിലെ യാദവ് നഗർ. കരിമ്പു കൃഷിക്കായി തൊഴിലാളികൾ മാസങ്ങളോളം വന്നു താമസിക്കുന്ന ഒരു പ്രദേശമാണിത്. ''റെഡ്സ്ട്രീറ്റ് '' എന്നറിയപ്പെടുന്ന ഈ പ്രദേശങ്ങളിൽ സുവിശേഷീകരണത്തിന് സാദ്ധ്യത പൊതുവെ കുറവാണ്. മാത്രവുമല്ല അങ്ങനെയുള്ളവരെ അകറ്റി നിർത്തുന്ന ഈ പ്രദേശങ്ങളിൽ പാസ്റ്റർ യോഹാൻ പവാറും പാസ്റ്റർ അൽത്തീറ് ജമാദമും ബാലവാടികൾ നടത്തിവരുന്നു. ദോൽവാർ ഡോംബ്രി വർഗ്ഗത്തിൽ പെട്ട ട്രൈബൽ കുട്ടികളാണ് ഇവിടെ സ്കൂളിൽ പഠിച്ചുവരുന്നത്. റെഡ് സ്ട്രീറ്റിലുള്ള അനാഥരായ കുട്ടികളുടെ ഇടയിലെ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രോത്സാഹനവും കൈത്താങ്ങലുകളും ആവശ്യമായിരിക്കുന്നു.

**കോലാപ്പൂർ കൺവെൻഷൻ**

ഫെബ്രുവരി 7ന് വെള്ളിയാഴ്ച രാത്രി മീറജിലുള്ള അർവാഗി സെനിക്ക് ഹാളിൽ നടന്ന കോലാപ്പൂർ കൺവെൻഷൻ മഹാരാഷ്ട്ര സ്റ്റേറ്റ് പ്രസിഡണ്ട് പാ. പി. ജോയി ഉദ്ഘാടനം ചെയ്തു. പ്രഥമ രാത്രിയിൽ ഇവാ. ഉമ്മൻ എബനേസറും പാസ്റ്റർ ജി. ജോയിക്കുട്ടിയും തിരവചനശുശ്രൂഷ നിർവ്വഹിക്കുകയുണ്ടായി. ഫെബ്രുവരി 8 ന് ശനിയാഴ്ച രാവിലെ ബൈബിൾ സ്റ്റഡി പാ. കെ.എ. മാത്യു (ഐ.പി.സി. മഹാരാഷ്ട്ര സ്റ്റേറ്റ് സെക്രട്ടറി) എടുക്കുകയുണ്ടായി. ഉച്ചകഴിഞ്ഞ് പാസ്റ്റേഴ്സ് മീറ്റിംഗ് നടത്തപ്പെട്ടു. പാസ്റ്റർ പി. ജോയി ക്ലാസുകൾ എടുത്തു. ഐ.പി.സി. മഹാരാഷ്ട്ര സ്റ്റേറ്റ് ഭാരവാഹികൾ ഇവാ. പി.വൈ. ഫിലിപ്പിനെയും ഇവാ. ഉമ്മൻ എബനേസറിനെയും കോലാപ്പൂർ ഡിസ്ട്രിക്റ്റ് ഇവാഞ്ചലിസം ഡയറക്ടറായി പ്രാർത്ഥിച്ച് അനുഗ്രഹിച്ച് വേർതിരിച്ചു. അന്നു രാത്രിയിൽ നടന്ന കൺവെൻഷനിൽ ഇവാ. പി. വൈ. ഫിലിപ്പും പാ. ജി. ജോയിക്കുട്ടിയും പ്രസംഗിച്ചു.

ഫെബ്രുവരി 9ന് നടന്ന സംയുക്ത ആരാധനയിൽ കോലാപ്പൂരിലെ വിവിധ പ്രദേശങ്ങളിൽ നിന്നും ദൈവജനം എത്തിച്ചേർന്നു. പാസ്റ്റർ ജോസഫ് ജോർജിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ആരാധനയിൽ ബ്രദർ വർഗീസ് കൊല്ലക്കൊമ്പിൽ, ഇവാ. പി.വൈ. ഫിലിപ്പ്, ഇവാ. ഉമ്മൻ എബനേസർ എന്നിവർ ആശംസകൾ അറിയിച്ചു. പാ. പി. ജോയി ദൈവവചനത്തിൽ നിന്നും ശക്തമായി ശുശ്രൂഷിക്കുകയുണ്ടായി. പാ. കെ. എ. ചെറിയാന്റെ (അമരാവതി ഡിസ്ട്രിക്റ്റ് പാസ്റ്റർ) നേതൃത്വത്തിൽ തിരുവത്താഴ ശുശ്രൂഷ നടന്നു. മുംബൈയിൽ നിന്നും പൂനെയിൽ നിന്നും കടന്നുവന്ന ദൈവദാസന്മാരും സഹോദരന്മാരും മീറ്റിംഗിൽ ആദിയോടന്തം സംബന്ധിക്കുകയുണ്ടായി. പാ. ജി. ജോയിക്കുട്ടിയുടെ പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടി കോലാപ്പൂർ കൺവെൻഷൻ സമാപിക്കുകയുണ്ടായി. ■

# മാന്യതയുടെ സ്വഭാവം-2



**പാസ്റ്റർ തോമസ് മാത്യു**
**മുംബൈ.**

യേശുക്രിസ്തു മനുഷ്യനെ വിവേകം ഉള്ളവനാക്കുവാൻ ശ്രമിക്കുന്നു. പരിശുദ്ധാത്മാവ് ആ കൃത്യം നിർവ്വഹിക്കുന്നു. സകല സത്യത്തിലേക്കും നീതിയിലേക്കും നടത്തുന്ന പരിശുദ്ധാത്മാവ് നമ്മെ മാന്യനാക്കുവാൻ സഹായിക്കുന്നു. സത്യത്തിലേക്കും നീതിയിലേക്കും നടക്കുക എന്നുള്ളത് നമ്മുടെ ഉത്തരവാദിത്വമാണ്. പരിശുദ്ധാത്മാവിനു വിധേയപ്പെടുന്നവന് മാത്രമേ യഥാർത്ഥ മാന്യത കൈവരിക്കുവാൻ കഴികയുള്ളൂ. നാഥാൻ പ്രവാചകൻ ദാവീദിനോട് തന്റെ തെറ്റുകളെ ചൂണ്ടിക്കാണിച്ചപ്പോൾ ഒരു രാജാവാണെങ്കിലും പരിശുദ്ധാത്മാവിന് വിധയേപ്പെടുന്ന ഒരു മനോഭാവം തന്റെ ജീവിതത്തിൽ ഉണ്ടായിരുന്നതിനാൽ, തന്റെ തെറ്റുകൾ ഏറ്റുപറയുവാനുള്ള മനസ്സ് ദാവീദ് കാണിച്ചതിനാൽ ഇന്നും നാം ദാവീദിനെ അംഗീകരിച്ചു പ്രസംഗിക്കുന്നു. ദാവീദിനെ മാന്യനായി മാറ്റിയത് പരിശുദ്ധാത്മാവിനോടുള്ള വിധേയത്വമാണ്.

ദാവീദിന്റെ അധികാരത്താൽ തെറ്റ് മൂടിവെക്കുവാൻ തയ്യാറാകാതെ ഏറ്റുപറയുന്ന ദാവീദിനെ ദൈവം അംഗീകരിച്ചു. നമ്മുടെ തെറ്റുകളെ പരിശുദ്ധാത്മാവ് ചൂണ്ടിക്കാണിച്ചു തരുമ്പോൾ ഏറ്റുപറഞ്ഞ് മനം തിരിയുന്നവർക്ക് ദൈവത്തിന്റെ അംഗീകാരവും അനുഗ്രഹവും ലഭിക്കും. ദാവീദ് പിന്നെയും പാടുകയാണ്.... വ്യസനത്തിനുള്ള മാർഗം എന്നിലുണ്ടോ എന്ന് നോക്കി ശാശ്വത മാർഗത്തിൽ എന്നെ നടത്തേണമെ. (സങ്കീ. 139:24) ദാവീദ് പ്രാർത്ഥിക്കുന്നതിങ്ങനെയാണ്. എന്നെ തിരുസന്നിധിയിൽ നിന്ന് തള്ളിക്കളയരുതേ.... (സങ്കീ. 51:11) സ്ഥിരമായൊരു ആത്മാവിനെ എന്നിൽ പുതുക്കണമേ. (സങ്കീ. 51:10) ദാവീദ് ദൈവവുമായി ഒരു സ്ഥിരമായൊരു ബന്ധം ആഗ്രഹിച്ചിരുന്നു. ഞാൻ യഹോവയെ എല്ലാക്കാലത്തും വാഴ്ത്തും (സങ്കീ. 34:1). ഇതായിരുന്നു ദാവീദിന്റെ മാന്യതയുടെ മാനദണ്ഡം. ശൗലുമായി താരതമ്യപ്പെടുത്തി പഠിക്കുമ്പോൾ നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നത് ദാവീദിന്റെ ജീവിതം എത്ര ശ്രേഷ്ഠമായിരുന്നു, എത്ര മാന്യത ഏറിയതായിരുന്നു. ദാവീദിന്റെ സുഖത്തിലും ദുഃഖത്തിലും ദൈവിക ബന്ധം കാത്തു സൂക്ഷിച്ചു. അതായിരുന്നു ദാവീദിന്റെ വിജയം.

പുതിയ നിയമത്തിൽ വേറൊരു വ്യക്തിയെ നമുക്ക് കാണുവാൻ കഴിയും. മറ്റുള്ളവരുടെ മുന്നിൽ എന്നും നികൃഷ്ടനായി കാണപ്പെടുന്ന സക്കായിയുടെ വ്യത്യാസം യേശു തന്റെ വീട്ടിലേക്ക് വരുന്നു എന്ന വാർത്ത സക്കായി വളരെ ഞെട്ടലോടെയാണ് സ്വീകരിച്ചത്. അങ്ങനെ ഒരുനുഭവം ഒരിക്കലും അവൻ പ്രതീക്ഷിച്ചില്ല. ഏറെ ചതിവും വഞ്ചനയും നിറഞ്ഞ തന്റെ വീട്ടിലേക്ക് യേശു വരുന്നു എന്നത് തനിക്കു ചിന്തിക്കുന്നതിലും അപ്പുറം ആയിരുന്നു. എന്നാൽ സക്കായിയുമായുള്ള യേശുവിന്റെ ബന്ധം വലിയ പരിവർത്തനമാണ് അവന്റെ സ്വഭാവത്തിൽ വരുത്തിയത്. സക്കായിയുടെ ഹൃദയത്തിൽ പരിശുദ്ധാത്മാവ് പ്രവർത്തിച്ച് താൻ കുറ്റങ്ങൾ ഏറ്റുപറഞ്ഞ് യേശുവിന്റെ കാൽപാദത്തിൽ വീണു. അതിന് പ്രതിഫലമായി സക്കായിക്കു ലഭിച്ച മാന്യത ഏറ്റവും വലിയതായിരുന്നു. ഇവനും അബ്രഹാമിന്റെ മകൻ (ലൂക്കോസ് 19:9). പലരും അബ്രഹാമിന്റെ മക്കൾ എന്ന് അവകാശവാദം മുഴക്കുമ്പോൾ യഥാർത്ഥ മാന്യതയും അംഗീകാരവും യേശുവിൽ നിന്ന് സക്കായിക്കു ലഭിച്ചു.

തന്റെ കുറ്റങ്ങൾ ഏറ്റുപറഞ്ഞ് ദൈവത്തോട് അടുത്ത് ജീവിക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തിയെയാണ് ദൈവം അനുഗ്രഹിക്കുന്നത്. ആ വ്യക്തിയെയാണ് മാന്യനെന്നു പറയുന്നത്. അവന്റെ സ്വഭാവം സമൂഹത്തിന് ഗുണകരമാകും. അങ്ങനെയുള്ള വ്യക്തിയുടെ ജീവിതത്തിൽ ആത്മാവിന്റെ ഫലം ദർശിക്കുവാൻ സാധിക്കും.

'താങ്കൾ മാന്യനാണോ' എന്ന ചോദ്യം താങ്കൾ കേട്ടിട്ടുണ്ടാകാം. ആ ചോദ്യം മറ്റുള്ളവരിൽനിന്ന് നാം കേൾക്കുവാൻ ഇടനൽകാതെ, നമ്മോടു തന്നെ നമുക്ക് ചോദിക്കാം 'നാം മാന്യനാണോ'? എന്ന്. എന്നിൽ ആത്മാവിന്റെ ഫലങ്ങളുണ്ടോ ? ഇരുട്ടിന്റെ പ്രവർത്തികൾ എന്നിൽ ഉടലെടുക്കുന്നുണ്ടോ? ജഡസ്വഭാവങ്ങൾ എന്നിൽ നിന്ന് മാറിയോ ? തന്നെത്താൻ ശോധന ചെയ്തിട്ടുവേണം നാം മറ്റുള്ളവരെ വിധിക്കാൻ.

യേശുവുമായുള്ള നിരന്തരമായുള്ള ബന്ധം നമ്മുടെ കുറവുകളെ പരിശുദ്ധാത്മാവ് കാട്ടിത്തരുവാൻ ഇടയാക്കും. നമുക്ക് പരിശുദ്ധാത്മാവിന് വിധേയപ്പെടാം. ദൈവം നമ്മെ അംഗീകരിക്കട്ടെ; അനുഗ്രഹിക്കട്ടെ. പെന്തെക്കോസ്തുകാർ എന്ന് അവകാശപ്പെടുന്ന നമുക്കു പെന്തെക്കോസ്തിന്റെ അനുഭവം അതിന്റെ സ്വഭാവം അതിന്റെ മൂല്യം എല്ലാം കാത്തു സൂക്ഷിക്കാം. ദൈവത്തിന് മഹത്വം വരുത്തുന്നവരായി തീരാം. നല്ല സ്വഭാവത്തിന്റെ ഉടമയായി മാന്യത കൈവരിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**Maharashtra is Ripe for Harvest**

We are extending our work into the unreached areas of Maharashtra. We need more Missionaries with Vision to explore and Conquer the land for Jesus. If you can't go as a Missionary, sponsor a Mission Field fully or partially and share the reward in Eternity.

**Royal Enterprises**

**COMMERCIAL PRINTERS**

29, Saibaba Nagar,
Shell Colony Road,
Chembur, Mumbai - 400 071.

**Mob.:** 9619078852
**Tel.:** 2523 4229 / 2527 8761

Advt. 36

# LETTERS TO EDITOR

പ്രിയരെ കർത്താവിൽ വന്ദനം. സുവാർത്ത അയയ്ക്കുന്നതിൽ സന്തോഷം. 100 രൂപ മണി ഓർഡർ അയയ്ക്കുന്നു. ഭാരതത്തിലെ 19 സ്റ്റേറ്റുകളിൽ സഞ്ചരിച്ച് സുവിശേഷം അറിയിക്കുകയും എല്ലാ സ്റ്റേറ്റിനായിട്ടും എന്നും പ്രാർത്ഥനയിൽ പോരാടുകയും ചെയ്യുന്ന വ്യക്തിയായതിനാൽ വേലയുടെ വിടുതലിനെ കാണുമ്പോൾ സന്തോഷമുണ്ട്. 1978 മുതൽ പാ. പി. ജോയിയുമായി അടുത്ത ആത്മീക ബന്ധവും ഉണ്ട്. നിങ്ങളുടെ പ്രവർത്തനങ്ങളെ ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ.

*പാ. പി. കെ. ജോൺസൺ*
*കേരള.*

### A Fatal Virus - Jealousy

Mary Mathew, Bhandup, Mumbai's article is really amazing & all of us irrespective of position, status, money power must learn to give up jealousy from our everydays' dealings.

Jealousy is worse than Jal (water)+Jalan (Fire) and we can adopt easy method by using pleasant words, encouraging words, empowering words & loving words.

Jealousy is a cancerous epedimic & the God's children have to set example by appreciating others every achievement.

Let us say No No Jealousy.

***Ranni Achayan,***
***Keralam.***

I was searching for the details of the Pastors who are in IPC Maharashtra State. But I could not see. It is good to publish and update the name, photo, contact number of each pastors. I know that, it is so hard. But it is very useful to all.

***- Pr. Jose Abraham***

Greetings from Shalom Bible College, Vadavathoor. This institution was started by late Pr. P. M. Philip in 1956. Suvartha is an excellent publication with all the electronic features. We wish you God's blessings for your effort in the coming days.

***Dr. Mathew Finny,***
***Director***

Suvartha website is a blessing to many. Good work. God Bless You & your team.

***Walter Dunbar***

The effort taken by the Suvartha Board is good but it would have looked more good had there been info of current happenings in district, names of State Pastors, info on PYPA, Sunday School etc.

***Stanley, Virar***

Good articles, good songs. Really blessed with this site really.

**Phinny P. Abraham**

Suvartha message is very heart touching. I think Suvartha introducing a channel in the name of Suvartha.

***Boseraj, Dubai.***

### Children's Corner
### May 2014

Juby Anoop, believe it or not, the touching sweet story of the hopeless man is guiding stone for not only the children but also the elderly persons.

As a human being poor man had no other choice, other than cursing the loving God whom we cannot see. But we can taste & see how God is good.

Juby, truly speaking your lovely message is going to reinforce the faith of all in Lord Jesus Christ.

• Please go on writing from the heart.

• Our faith + hope + love are to be rock like.

• Let the children read it and act as Juby advised.

• The schools + colleges are being reopened & children have a greater responsibility to display LOVE. OK

***Evg. P. C.Thomaskutty,***
***Kerala.***


**Ebenezer International Missions & Charities**

An organisation that stands for Mission Work and Charitable activities in Maharashtra.



**Pray for Suvartha Publications**

**An official organ of IPC Maharashtra State**

Encouraging people for Literature Ministry since 1990
International Award Winner - 2 Times
National Award Winner - 4 Times
We invite your suggestions for the improvement.
Your association is very important for us

For more details and free sample copies contact

**Suvartha Publications**
P.O. Box No. 17082, Tilaknagar,
Chembur, Mumbai - 400 089
**E-mail:** suvartha@yahoo.com / ksv_lilly@yahoo.co.in


**ഉപദേശി**





# വിടുതലിൻ ശുശ്രൂഷ

## ദൈവവചന പ്രകാരമുള്ള വിടുതലും ആധുനിക വിടുതൽ ശുശ്രൂഷകളും - ഒരു അവലോകനം

പാസ്റ്റർ ജോൺ വി. ഉതുപ്പ്, ന്യൂഡൽഹി

*''മറ്റു ചിലർ ഏറ്റവും നല്ലൊരു ഉയർത്തെഴുന്നേൽപ് ലഭിക്കേണ്ടതിന് വിടുതൽ സ്വീകരിക്കാതെ (ആഗ്രഹിക്കാതെ - ഹിന്ദി പരിഭാഷ) മർദ്ദനമേറ്റു. എബ്രാ. 11:35.*

ആത്മീക ലോകത്ത് ഇന്ന് ഏറ്റവും കൂടുതൽ കേൾക്കപ്പെടുന്ന ഒരു പദമാണ് 'വിടുതൽ'. വ്യത്യസ്ത രീതിയിലുള്ള നവീന വിടുതൽ ശുശ്രൂഷകളുമായി അനേകർ രംഗപ്രവേശം ചെയ്തുകൊണ്ടിരിക്കുന്ന ഒരു കാലയളവിലാണ് നാം ജീവിക്കുന്നത്. അങ്ങനെയുള്ള ശുശ്രൂഷകന്മാർ വിഭാവന ചെയ്യുന്ന വിടുതലും ദൈവവചനപ്രകാരമുള്ള യഥാർത്ഥ വിടുതലും തമ്മിൽ ഒരു അവലോകനം നടത്തുകയാണ് ഈ ലേഖനം കൊണ്ട് ഉദ്ദേശിക്കുന്നത്. ആദ്യമായി ദൈവവചനപ്രകാരമുള്ള വിടുതൽ എന്താണെന്ന് നോക്കാം. മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വചനം പുതിയ നിയമത്തിലെ ആദ്യത്തെ രക്തസാക്ഷി വീരനായ സ്തേഫാനോസ് മുതലുള്ള വിശ്വാസവീരന്മാരെ കുറിച്ചാണെന്ന് നമുക്കറിയാം. അതു കൂടാതെ പഴയ നിയമ വിശുദ്ധന്മാരായ ദാനിയേൽ, ശദ്രക്ക്, മേശക്ക്, അബേദനെഗോ എന്നിവരെക്കുറിച്ചുള്ള ഉല്ലേഖനവും എബ്രായ ലേഖനം 11-ാം അദ്ധ്യായത്തിൽ കാണാം. സ്തേഫാനോസ് കല്ലേറ് കൊള്ളുമ്പോൾ തന്നെ വിടുവിക്കേണമേ എന്നു പ്രാർത്ഥിച്ചതായി കാണുന്നില്ല. അതുപോലെ ഇന്നത്തെ വിടുതലുകൾ വിഭാവന ചെയ്യുന്ന വിടുതൽ ആയിരുന്നെങ്കിൽ ദാനിയേലിനെ സിംഹക്കുഴിയിൽ വീഴാതെ ദൈവം വിടുവിക്കണമായിരുന്നു. അതു പോലെ ഈ മൂന്ന് യഹൂദാ ബാലന്മാരെയും തീയിൽ വീഴിക്കാതെ ദൈവം വിടുവിക്കണമായിരുന്നു. എന്നാൽ അവരെക്കുറിച്ചുള്ള ദൈവിക ഉദ്ദേശം അവർ തീയിൽ വീഴപ്പെടേണം എന്നുള്ളതാണെന്ന യാഥാർത്ഥ്യം ആധുനിക വിടുതൽ ശുശ്രൂഷകന്മാർ എങ്ങനെ വ്യാഖ്യാനിക്കും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ വിടുതലുകാരുടെ വിടുതൽ തീയിൽ വീഴാതെയുള്ള വിടുതൽ (pre-fire deliverance) ആയിരിക്കുമ്പോൾ ദൈവഹിതപ്രകാരമുള്ള വിടുതൽ തീയിൽ വീണശേഷമുള്ള (post-fire deliverance) ആണ് അഥവാ ഒരു യഥാർത്ഥ ദൈവപൈതലിന്റെ ജീവിതത്തിൽ വിശ്വാസത്തിന്റെ പരിശോധനയുടെ ഭാഗമായി ജഡത്തിൽ കഷ്ടമോ, പ്രയാസമോ, രോഗമോ ദൈവം അനുവദിക്കുമ്പോൾ അതു ദൈവോദ്ദേശമാണെന്നു മനസ്സിലാക്കാതെ വിടുതലുകാരെ അന്വേഷിച്ചു പോകുന്നത് ഒരു ഒളിച്ചോട്ടമല്ലാതെ മറ്റെന്താണ് ? ഇങ്ങനെയുള്ള നിരപരാധികളായ ദൈവമക്കളെ ഈ വിടുതലുകാർ സമീപിച്ച് കഷ്ടത സാത്താന്യ ബന്ധനമായി വ്യാഖ്യാനിച്ച് സാത്താനെ തുരത്തുവാൻ 3, 7, 21, 40 ദിവസങ്ങൾ ഉപവാസം പ്രഖ്യാപനം ചെയ്യുന്നു. സത്യവചനം ഗ്രഹിക്കാത്തവർ അങ്ങനെയുള്ളവരുടെ വലയിൽ കുടുങ്ങുന്നു. അവസാനം തങ്ങൾ കബളിക്കപ്പെട്ടു എന്നു മനസ്സിലാക്കുമ്പോഴേക്കും അവർ പണവും മറ്റു സാധനസാമഗ്രികളുമായി കടന്നുകളയുന്നു. കർത്താവ് വിശ്വാസിക്ക് കൊടുത്ത ക്രൂശും ഈ വിടതലുകാർ എടുത്തുകൊണ്ടുപോകുന്നു. ''തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കാത്തവൻ എനിക്ക് യോഗ്യനല്ല'' എന്നുള്ള കർത്താവിന്റെ വചനം ഇവർ ഓർക്കാത്തതെന്ത് ? ''കഷ്ടത സഹിഷ്ണതയെയും സഹിഷ്ണത സിദ്ധതയെയും, സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു'' എന്നുള്ള ദൈവവചനപ്രകാരം ഒരു ദൈവ പൈതൽ കഷ്ടത്തിൽ പ്രശംസിക്കയും സന്തോഷിക്കയുമല്ലേ ചെയ്യേണ്ടത്. നമ്മുടെ ആത്മീയ പിതാക്കന്മാർ വിശ്വാസത്തിനുവേണ്ടി സഹിച്ച കഷ്ടങ്ങൾ എത്ര മാത്രമാണെന്ന് അറിയാവുന്നവരാണ് നാം. അന്നൊന്നും അവർ വിടുതലുകാരെ അന്വേഷിച്ച് പോയില്ല. കഷ്ടതയുടെ തീച്ചൂളയിലൂടെ കടന്നുപോയപ്പോൾ അവരുടെ ആത്മാവിൽ ഉരുത്തിരിഞ്ഞ പാട്ടുകൾ ഇന്നും നമുക്ക് ആത്മീയ ചൈതന്യം പകരുന്നവയാണ്. അന്ന് അവർ ഇങ്ങനെ പാടി.

*''കഷ്ടങ്ങൾ ദൈവമേ എന്നവകാശം*
*തന്നെയല്ലോ*
*വിശ്വസിപ്പാൻ മാത്രമല്ല നൽവരം*
*തങ്കക്കഷ്ടതകൾ സഹിപ്പാനും*
*പ്രാപ്തി താ''*

ഇങ്ങനെ അവർ പാടാനുള്ള കാരണം അവർക്ക് ലഭിക്കുവാൻ പോകുന്ന തേജസ്സിന്റെ അത്യന്തഘനത്തെക്കുറിച്ച് ആത്മാവിൽ ദർശിച്ചപ്പോഴാണ്. അതുകൊണ്ടാണ് കഷ്ടതയെ 'തങ്കകഷ്ടത' യെന്നു പുകഴ്ത്തി പാടിയത്. ഇന്നത്തെ വിടുതലുകാർ ഈ പാട്ട് ഇങ്ങനെ തിരുത്തി പാടേണ്ട അവസ്ഥ വന്നിരിക്കയാണ്.

*''കഷ്ടതകൾ ദൈവമേ എൻ*
*അഭിശാപം തന്നെയല്ലോ*
*അനുഗ്രഹങ്ങൾ മാത്രമല്ല*
*വേണ്ടത് (ഭൗതികം)*
*വലിയ വിടുതലുകൾ*
*പ്രാപിപ്പാനും ശക്തി താ''*

മറ്റൊരു സ്ത്രീരത്നം ആത്മാവിൽ ഇങ്ങനെ പാടി :

*''എന്റെ കഷ്ടങ്ങൾ ദൈവം*
*തരുന്നതാൽ*
*എന്റെ പ്രാണനെ ഞാൻ*
*യാഗമാക്കുന്നു.*
*എന്നെ തകർത്തീടാൻ*
*താതനിഷ്ടമെങ്കിൽ*
*തൻഹിതമെന്നിൽ സമ്പൂർണ്ണമാകട്ടെ*

ഇന്നത്തെ വിടുതലുകാർ ഈ പാട്ട് ഇപ്രകാരം തിരുത്തി പാടേണ്ടിയിരിക്കുന്നു.

*''എന്റെ കഷ്ടങ്ങൾ സാത്താൻ*
*തരുന്നതാൽ*
*എന്റെ പ്രാണനെ ഞാൻ*
*സ്നേഹിച്ചിടുന്നു.*
*എന്നെ വിടുവിച്ചീടാൻ*
*താതനിഷ്ടമെങ്കിൽ*
*തൻഹിതമെന്നിൽ സമ്പൂർണ്ണമാകട്ടെ.*

ഇന്ന് വിടുതലുകൾ ഇറക്കുന്ന എല്ലാ

പാട്ടുകളും ശാരീരിക അനുഗ്രഹങ്ങളെയും വിടുതലിനെയും മാത്രം കേന്ദ്രീകരിച്ചുകൊണ്ടുള്ളവയാണ്. അതിൽ അങ്ങനെയുള്ളവർ ആനന്ദം കണ്ടെത്തുന്നു (ആത്മാവിലല്ല). എന്നാൽ അനുഭവമുള്ള ഒരു യഥാർത്ഥ ദൈവപൈതലിന് അത് അരോചകമായിട്ടേ തോന്നുകയുള്ളൂ. അവർ ദാവീദ് പെട്ടകത്തിനു മുമ്പിൽ നൃത്തം ചെയ്ത സംഭവവുമായി അതിനെ തുലനം ചെയ്യുന്നു. എന്നാൽ ദാവീദ് ആത്മാവിലാണ് നൃത്തം ചെയ്തത് എന്നുള്ള വസ്തുത അവർ മനസ്സിലാക്കുന്നില്ല. ദാവീദ് തന്നെത്താൻ താഴ്ത്തി തന്റെ രാജകീയ വസ്ത്രം ഉരിഞ്ഞുവെച്ച് മറ്റുള്ളവരുടെ മുമ്പാകെ തന്നെത്തന്നെ ഹീനനാക്കി തന്നെ രാജകീയ സ്ഥാനത്തേക്ക് ഉയർത്തിയ ദൈവത്തെ ആത്മാവിൽ ആരാധിക്കുകയായിരുന്നു. അല്ലാതെ ഇന്നത്തെപ്പോലെ Rock & Roll നൃത്തം ചെയ്യുകയല്ലായിരുന്നു.

ചുരുക്കത്തിൽ ഇന്നത്തെ വിടുതലുകൾ കർത്താവ് അരുളിചെയ്ത ഇടുക്കവും ഞെരുക്കവും ഉള്ള പാതയെ വിശാലവും എളുപ്പവും ആക്കിക്കൊണ്ടിരിക്കുകയാണ്. "ഇടുക്കവും ഞെരുക്കവും ഉള്ള പാത കണ്ടെത്തുന്നവർ ചുരുക്കമത്രെ". എന്നു കർത്താവു തന്നെ പറഞ്ഞിട്ടുണ്ടല്ലോ. അതുകൊണ്ട് അതിൽ അത്ഭുതപ്പെടുവാനില്ല. കർത്താവിന്റെ വചനത്തിൽ പ്രസക്തി അന്നും ഇന്നും ഒരുപോലെയാണ്. രണ്ടായിരമല്ല, പതിനായിരം വർഷം പിന്നിട്ടാലും ദൈവവചനം മാറ്റമില്ലാത്തതാണ്. മാറുന്നത് അനുഗ്രഹവും (ഭൗതികവും) എന്ന് രണ്ട് തട്ടിൽ ദൈവത്തിന് തന്റെ ഭക്തന്മാരെ കാണാൻ കഴിയുമോ ? അങ്ങനെയായാൽ ദൈവം മാറ്റമുള്ളവൻ എന്നു വരികയില്ലേ.

കർത്താവിന്റെ നാമത്തിൽ കോടികൾ സമ്പാദിച്ച് സുഖലോലുപരായ തങ്ങൾ അനുഗ്രഹീത മക്കൾ എന്നു അവകാശവാദം മുഴക്കുന്ന ശ്രേഷ്ഠദാസന്മാരോട് ഒരു ചോദ്യം. ആസ്ട്രേലിയയിലെ സുഖസൗകര്യങ്ങൾ ഉപേക്ഷിച്ച് ഒറീസയിൽ കുഷ്ഠരോഗികളുടെ ഇടയിൽ സേവനമനുഷ്ഠിച്ചുകൊണ്ടിരിക്കവെ രക്തസാക്ഷി മരണം വരിച്ച ഗ്രഹാം സ്റ്റെയിൻസിനെ പോലുള്ള ത്യാഗവീരന്മാർ നിങ്ങളുടെ ദൃഷ്ടിയിൽ എങ്ങനെയുള്ളവരാണ്. അനുഗ്രഹീതരോ അതോ ശാപഗ്രസ്തരോ ? "നാം അവനോടുകൂടെ കഷ്ടമനുഭവിച്ചാൽ അവനോടുകൂടെ തേജസ്കരിക്കപ്പെടും." (റോമ. 8:17) എന്നുള്ള വചനം നിങ്ങൾ വിശ്വസിക്കുന്നുണ്ടോ ?

തുടരും...


## വേദപാഠങ്ങൾ സി.ഡി. യിൽ

പ്രശസ്ത വേദപണ്ഡിതനും വാഗ്മിയുമായ
പ്രൊഫ. പോൾസൺ പുലിക്കോട്ടിലിന്റെ
പ്രസംഗങ്ങൾ ഇപ്പോൾ സി.ഡി. യിൽ ലഭ്യമാകുന്നു.



1. പ്രാർത്ഥനയിൽ നൽനേരമേ
2. പഴയനിയമത്തിന്റെ പ്രസക്തി
3. യേശുവും മാമ്മോനും

Contact :
**Sanctuary Word Media**
26/150 Avees Building,
Edappally Toll Jn., Kochi, Kerala.
**Mob.:** 094471 544 504 | **Tel.:** 0484 2557606

Advt. 6


## വായനക്കാരുടെ ശ്രദ്ധയ്ക്ക്

നിങ്ങളുടെ വിലാസം മാറുകയാണെങ്കിൽ ഉടൻതന്നെ പഴയതും പുതിയതുമായ വിലാസങ്ങൾ എഴുതി അറിയിക്കുക. വരിസംഖ്യ അടക്കുന്നവർ ശരിയായ തുക, മേൽവിലാസം, റഫറൻസ് നമ്പർ എന്നിവ എഴുതുവാൻ മറക്കരുത്.

*എഡിറ്റർ*

# സത്‌വചനങ്ങൾ

1. പ്രാർത്ഥന തലമുറകളിലേയ്ക്ക് അനുഗ്രഹത്തെ പകർന്നു നൽകുന്നു.
2. സുവിശേഷം ചെന്നായ്ക്കളെ കുഞ്ഞാടുകളാക്കുന്നു.
3. ദൈവത്തോട് യോജിക്കുന്നതാണ് ഏറ്റവും നല്ല ബന്ധം.
4. രക്ഷയുടെ സമാധാനം വില കൊടുത്താൽ കിട്ടുകയില്ല.
5. ഉള്ളതുകൊണ്ട് തൃപ്തിയടയുന്നവനാണ് യഥാർത്ഥ ഭക്തൻ.
6. മറ്റുള്ളവർക്ക് വേണ്ടി ജീവിക്കുക, മറ്റുള്ളവർക്കുവേണ്ടി മരിക്കുക. യേശു ചെയ്തത് അതാണ്.
7. ദൈവം എനിക്ക് വേണ്ടിയല്ല, ഞാൻ ദൈവത്തിന് വേണ്ടിയാണ് എന്ന ചിന്തയാണ് നമുക്കു വേണ്ടത്.
8. യേശു പറഞ്ഞതുപോലെ പലരും പറയും, യേശു മരിച്ചതുപോലെ ആർക്കും കഴികയില്ല.
9. നീ വേർപെട്ടത് വിശുദ്ധിക്ക് വേണ്ടിയല്ലെങ്കിൽ അശുദ്ധി എന്തിന് വിട്ടുകളഞ്ഞു.
10. ഹൃദയത്തിൽ സത്യമുള്ളവൻ തന്റെ നാവിനെപ്പറ്റി ഭയപ്പെടേണ്ടതില്ല.

- സാക്ഷി

## എക്സിക്യൂട്ടീവ് ബോർഡ് അംഗങ്ങളെ നിയമിക്കുന്നു

സുവാർത്താ പ്രവർത്തനങ്ങളുടെ വികസനത്തിനും സുഗമമായ നടത്തിപ്പിനുമായി പുതിയ എക്സിക്യൂട്ടീവ് ബോർഡ് അംഗങ്ങളെ നിയമിക്കുവാനാഗ്രഹിക്കുന്നു. എക്സിക്യൂട്ടീവ് അംഗങ്ങളുടെ അംഗത്വഫീസാണ് സുവാർത്തയുടെ പ്രധാന വരുമാന മാർഗ്ഗമെന്നും, അതുപയോഗിച്ചാണ് കഴിഞ്ഞ വർഷങ്ങളിൽ സുവാർത്ത തുടർച്ചയായി പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നതെന്നും ഏവർക്കും അറിവുള്ളതാണല്ലോ. വാർഷിക അംഗത്വ ഫീസായ 10,000 രൂപ തന്ന് സുവാർത്താ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുവാൻ ആഗ്രഹിക്കുന്ന ലോകമെമ്പാടുമുള്ള പെന്തെക്കോസ്തരായ ഏവരെയും ഞങ്ങൾ ഈ മഹൽ ഉദ്യമത്തിലേക്ക് ക്ഷണിക്കുന്നു. താൽപര്യമുള്ളവർ ബന്ധപ്പെടുക.

**Bro. Varghese Kollakompil : 09821 332273**

If you have been blessed by this Magazine please introduce it to others. To receive this magazine please contact :

**SUVARTHA PUBLICATIONS**
P.O. Box No. 17082, Tilaknagar,
Chembur, Mumbai - 400 089
Mob.: 9821 33 22 73

കവിത

# ആംഗ്റീ ബേർഡ്സ്



**പാസ്റ്റർ സജി പീച്ചി.**

ഇന്നെല്ലാ കയ്യിലും ടാബ്ലെറ്റാണ്
ടാബലെറ്റില്ലാത്ത ജീവിതം മിദ്ധരെ
സങ്കൽപ്പിക്കാനാവുന്നില്ല.

ഇടവഴിയിൽ കാണന്ന ചിത്രം പകർത്താം
ഇൻർനെറ്റിന്നകമ്പടിയോടെ
മിഴികൾ ചിമ്മാതെ ചിത്രങ്ങൾ കാണാം
മൊഴിയാം രഹസ്യങ്ങൾ പങ്കു വെയ്ക്കാം.

കൈക്കുഞ്ഞിനും വേണം
കൂടപ്പിറപ്പായി സ്ക്രീൻ ടച്ചുള്ളൊരു 'ടാബ്'
പിഞ്ചുകുഞ്ഞിനിന്നമ്മാന മാടാൻ
വിരൽ തുമ്പുകൊണ്ടു വികൃതികൾ കാട്ടാൻ
'ആങ്റീ ബേർഡ്സും' കൂടെ വേണം.

ഇന്നെല്ലാ കൈയ്യിലും ടാബ്ലെറ്റാണ്
ഇവിടെ രക്തബന്ധങ്ങൾക്കു
വിലയിടിയുന്നു

ബന്ധങ്ങൾക്കുള്ളിൽ
ബാല്യം കുരുങ്ങുന്നു, പിടയുന്നു
മിഴിനീരു വീഴ്ത്തുന്നു.

ഇടയന്റെ കൈയ്യിലും പൈങ്കിളി പാടുന്നു
പൈതൽ ചിരിക്കുന്നു
കുയിൽ നാദം കേൾക്കുന്നു
വിരുന്നിൽ വിലാപഗീതം മുഴങ്ങുന്നു
വിലാപ ഗൃഹത്തിൽ ഉണർവ്വ്
ഗീതമൊഴുകുന്നു

സീനിയർ പാസ്റ്റർ തൻ ഫോണിലും കേട്ടു
സിനിമാ ഗാനത്തിന്നീരടികൾ.

ഇന്നെല്ലാ കൈയ്യിലും ടാബ്ലെറ്റാണ്
സഭയിലും ടാബ്ലെറ്റിനതിപ്രസരം
'സൂം' ചെയ്ത് ചിലരുടെ വചന പാരായണം
'എസ്സെമ്മസ്' ചെയ്ത് ആശയവിനിമയം
'ഡൗൺലോഡ്' ചെയ്ത സീയോൻ ഗീതങ്ങൾ
'യൂ ട്യൂബി'ലൂടെ പ്രസംഗം ശ്രവിക്കൽ
ഗെയിമിൽ മുഴുകിയിരിക്കുന്നവർ
അസ്വസ്ഥരാകുന്നു വിശ്വാസികൾ !

അലരി വൃക്ഷത്തിലെ കിന്നരം പോലെ
ചിലരുടെ കണ്ഠത്തിൽ ടാബ് കണ്ടു

പണ്ടപ്പച്ചനോതിയ പൂർവ്വസിദ്ധാന്തങ്ങൾ
ഗ്രഹിപ്പാൻ തലമുറയ്ക്കായില്ല
ഇന്നത്തെ തലമുറ കാട്ടുന്ന കോപ്രായം
ഗ്രഹിപ്പാനും മൂപ്പിന്നിനാകുന്നില്ല !

# ആറാട്ടുപുഴ ജോർച്ചായൻ നിത്യതയിൽ



**നവിമുംബൈ :** കോന്നി വകയാർ വാലുഴത്തിൽ വി. ജെ. ജോർജ്ജ് (78) നവിമുംബൈ കാമോഠയിൽ മകൻ വി.ജി. യോഹന്നാന്റെ വസതിയിൽ ജൂൺ 27-ാം തീയതി രാത്രി 10 മണിക്ക് നിര്യാതനായി. ശവസംസ്ക്കാരം ജൂലൈ മാസം 2-ാം തീയതി ബുധനാഴ്ച ഖാർഘർ ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയുടെ നേതൃത്വത്തിൽ ഖാർഘർ ക്രിസ്ത്യൻ സെമിത്തേരിയിൽ നടന്നു. ഭാര്യ പരേത ചിന്നമ്മ ജോർജ്. മക്കൾ വി.ജി. യോഹന്നാൻ, ലിസി രാജു. മരുമക്കൾ : വൽസ യോഹന്നാൻ, രാജു കെ. എബ്രഹാം. കൊച്ചുമക്കൾ : പ്രേംജി യോഹന്നാൻ, പ്രിൻസ് യോഹന്നാൻ, ലിജോ രാജു, ലിബിൻ രാജു എല്ലാവരും മുംബൈയിൽ.

പരേതൻ കേരളത്തിൽ കോന്നി വകയാർ ദൈവസഭയുടെ ഒരു പ്രവർത്തകനായിരുന്നു. സുവിശേഷത്തിനുവേണ്ടി തീഷ്ണതയോടെ പോരാടിയിരുന്ന ഒരു പ്രിയ പിതാവായിരുന്നു പരേതൻ. ചില വർഷങ്ങളായി മക്കളോടും കൊച്ചുമക്കളോടും കൂടെ താമസിക്കുകയായിരുന്നു.

മരണസമയം തനിക്ക് വ്യക്തമായി അറിയാമായിരുന്നു. അതു താൻ തന്റെ മക്കളോടും കൊച്ചുമക്കളോടും പ്രത്യേകം പറയുകയുണ്ടായി. ചില ആഴ്ചകളായി താൻ ക്ഷീണിതനായി സഭായോഗങ്ങളിൽ വരുവാൻ ഇടയായില്ല. ഒടുവിലത്തെ ആഴ്ചയിൽ തന്റെ കൊച്ചുമകനായ പ്രേംജിയോട് പ്രത്യേകം പറയുകയുണ്ടായി. ''ഞാൻ ഇനിയും സഭായോഗത്തിന് വരത്തില്ല. ഞാൻ പോകുകയാണെന്ന് ''. മരിക്കുന്നതിന് ഒരുദിവസം മുമ്പാണ് ഇതു പറഞ്ഞത്. നല്ല ശബ്ദത്തിൽ പഴയപാട്ടുകൾ പാടുക തന്റെ ഒരു പ്ര ത്യേക കഴിവായിരുന്നു.

ജൂലൈ മാസം 2-ാം തീയതി ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭ ഖാർഘറിന്റെ നേതൃത്വത്തിൽ പാ. സേവ്യർ ബെന്നിയുടെ അദ്ധ്യക്ഷതയിൽ ശവസംസ്ക്കാര ശുശ്രൂഷ പാ. പി. ജോയി നിർവ്വഹിക്കുകയുണ്ടായി. പാ. തോമസ് ജോർജ്, വകയാർ (ചർച്ച് ഓഫ് ഗോഡ്) ദൈവവചനം ശുശ്രൂഷിക്കുകയുണ്ടായി. ഭവനത്തിലും ഖാർഘർ സെമിത്തേരിയിലും നടന്ന ശുശ്രൂഷയിൽ വിവിധ സഭാപ്രതിനിധികൾ റവ. ജോൺ ബ്രിട്ടാസ്, പാ. കെ. എ. മാത്യൂ, പാ. കോശി ഇടിക്കുള, പാ. ജോജി എം. വർഗീസ്, പാ. ഷാജി (പലസ്പാ), പാ. ബിജു (നെരുൾ), പാ. ജോസ് (വാശി), പാ. സന്തോഷ് മാത്യൂ (ഘൺസോലി), പാ. റെജി പത്തനാപുരം (ചർച്ച് ഓഫ് ഗോഡ് - ഫാമിലി മെമ്പർ) എന്നിവരും മറ്റു പ്രിയപ്പെട്ടവരും അനുശോചനം രേഖപ്പെടുത്തി. തന്റെ ദേഹവിയോഗം ഖാർഘർ ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയ്ക്ക് തീരാ നഷ്ടമാണ്. കുടുംബത്തെ ഓർത്ത് പ്രാർത്ഥിക്കുക.

*ബ്ര. ജോൺ ജോസഫ്.*

# MATRIMONIALS

Pentecostal parents invite proposals for their son (DOB 4-10 1986,175 cm) studying for P.hd in Norway, Oslo university. From parents of professionally qualified pentecostal girls.

**Mob.: 9562484258 / 8281141003**
**benan007@gmail.com**

---

Syrian Christian Pentecostal parents settled in Pune invites proposals for their daughter (25/5'3") MBA. Working in Singapore. From parents of spiritual and professionally qualified boys.

*Contact :*
**Mob.:** 09860460345 / 09544544576 / 04734 - 282014
**E-mail : aeby.samuel@gmail.com**

---

Seeking for a born-again, God fearing girl, for north-Indian born- again boy, settled in Nagpur (M.S), age 28 years. Height :5'7" inches, qualification B.C.C.A, D.Ed, appearing for B.Ed, teaching in English Medium School, plays music in the church. Father retired as Sr. Manager (Govt. service), Mother convent educated, worked as a teacher, Sister settled in U.K. (London). All are involved in Lord's work.

**Contact : 9420084452,9960627431,**
0712-2594071
Email: mark_gir77@rediffmail.com

---

Qatar Doha Syrian Knanaya Pente-costal Christian parents cordially invite proposals for their eldest daughter age 24 years having completed her B.Tech (C.E.Engg) + M.Tech (Comm. System) in distinction from M.G. University. She will be, God willing, passing out her M.Tech soon.

Engineers, Doctors from same community or Syrian Christian Pentecostal believers having accepted Jesus Christ as Saviour, Immersion - Baptism, Crystal clear Christian life with Holy spirit filled experience, God fearing families. India /Abroad Boys preferred.

Kindly respond with recent photo to
**Ranni Achayan, Kerala - 689615.**
**Mob.: 09446189673**

---

NRI Pentecostal Syrian Christian parents invite proposals for their daughter (DOB 08.09.1989,163 cms) MBBS graduate (US MD who is in USA at present for the Intention of writing USMLE Step-1 exam soon) From parents of boys who have the same profession.

Contact :
**E-mail : maryjohn119@gmail.com**

---

Pentecostal parents settled in Mumbai invite proposal for their daughter (28/5'4"), born & brought up in Mumbai. M.Sc Biotechnology and MBA, working in an MNC in Mumbai. Born again, baptized, spirit filled, fair complexion and active in spiritual activities. Seeking proposals from parents of professionally qualified, born again and spirit filled Pentecostal boys. Boys b/b outside Kerala will be preferred. Respond with recent photographs and details to:

classic10459@gmail.com.
+91-7506078496

---

Mumbai settled pentecostal parents seeks alliance for their born-again, baptized, spirit filled, daughter 27/160 IT-MBA (Manager Insurance Company)

***Contact :***
09819049357 / 09167146867
***Email:***
mary.linu@rediffmail.com,
kunchandymathew@rediffmail.com

---

## സൗജന്യം

**പെന്തെക്കോസ്തരുടെ വിവാഹ പരസ്യങ്ങൾ സൗജന്യമായി സുവാർത്തയിൽ പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. നിങ്ങളുടെ വിവാഹ പരസ്യങ്ങൾ താഴെ പറയുന്ന വിലാസത്തിൽ അയക്കുക.**

**SUVARTHA PUBLICATIONS**
P.O. Box No. 17082, Tilaknagar,
Chembur, Mumbai - 400 089
suvarthamagazine@gmail.com
suvartha@yahoo.com

---

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്തു യുവതി, മുംബൈയിൽ സ്ഥിരതാമസം. വയസ് 27, നിറം വെളുത്തത്, മുംബൈയിൽ ഒരു ബാങ്കിൽ ASM ആയി ജോലി ചെയ്യുന്നു. സ്ഥിരമായ ജോലി. ഉയരം 5'4''. Post Graduate MA English, Diploma in Travel Management. വിദ്യാഭ്യാസമുള്ള ആത്മീകമായി ജീവിക്കുന്നതായ പെന്തെക്കോസ്തു യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും ആലോചന ക്ഷണിക്കുന്നു.

**Contact No.: 98671 34836**

---

Ex-NRI Pentecostal Syrian Christian parents invite proposals for their son (DOB 30.12.1986, 172 cms), Dentist (BDS), from parents of girls who are professionally qualified, working in India or Abroad.

Ex-NRI Pentecostal Syrian Christian parents invite proposals for their daughter (DOB 08.04.1988, 162cms), MSc Nursing final year student (passing out in Sept - Oct) Born again, baptized, fair with good educational track record & overall IELTS score of 8.5.

Seeking alliance from parents of professionally qualified Pentecostal boys working in India or Abroad.

If interested, please contact with details & recent photograph.

Tel.: 0484 - 2537727 / 08281 795 727
E-mail : aluvilagra@gmail.com

---

| | | |
|---|---|---|
| Name | : | **Pournima Kundalik Kadu** |
| Date of Birth | : | 15/02/1986 |
| Education | : | BA (3rd year) |
| Job | : | ANM Nurse (Govt.) |
| Salary | : | Rs. 20,000/- p.m. |
| Height | : | 5 Feet |
| Brothers | : | 1 No (Married) |
| Sisters | : | 3 Nos. (1 Married) |
| Contact No. | : | **084110 38606** |

---

### പാസ്റ്റർമാരുടെ ശ്രദ്ധയ്ക്ക്

ഐപിസി മഹാരാഷ്ട്രയിലുള്ള എല്ലാഭവനങ്ങളിലും സുവാർത്താ ലഭിക്കത്തക്ക രീതിയിൽ ക്രമീകരണം ചെയ്തുവരുന്നു. നിങ്ങളുടെ സഭയിൽ ആർക്കെങ്കിലും സുവാർത്ത ലഭിക്കുന്നില്ലെങ്കിൽ അവരുടെ വിലാസം ഞങ്ങളെ അറിയിക്കുക.

## അഭിമുഖം

**മുംബൈയിലെ യുണൈറ്റഡ് ഫെലോഷിപ്പിന്റെ സംഘാടകനും സുവാർത്തയുടെ മുൻ എഡിറ്ററും ഇപ്പോൾ ഐ.പി.സി. നോർത്തേൺ റീജിയന്റെ പ്രസിഡണ്ടുമായരിക്കുന്ന പാസ്റ്റർ സാമുവേൽ ജോണുമായി ബ്ര. വർഗീസ് കൊല്ലക്കൊമ്പിൽ നടത്തിയ അഭിമുഖം.**

***ഇപ്പോൾ ഏതൊക്കെ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നു ?***

അമേരിക്കയിലെ ഇന്ത്യൻ ക്രിസ്ത്യൻ അസംബ്ലിയുടെ പാസ്റ്ററായും ഐ.പി.സി. നോർത്തേൺ റീജിയൻ പ്രസിഡണ്ടായും സേവനം അനുഷ്ഠിക്കുന്നു.

***നോർത്തേൺ റീജിയൻ ഐ.പി.സി.യുടെ ഭാഗമായി ചേർന്നവെന്നു കേൾക്കുന്നു. ശരിയാണോ?***

ശരിയാണ്. ഞങ്ങൾ ഐ.പി.സി. യുമായി ഒരു അഫിലിയേഷനിൽ ആയി.

***വിശദീകരിക്കാമോ ?***

അതായത് ഞങ്ങൾ ഐ.പി.സി. യുടെ ഭാഗമായിരിക്കും. എന്നാൽ ഐ. പി.സി. യുടെ ഔദ്യോഗിക സ്ഥാനങ്ങൾ ഒന്നും വഹിക്കുവാൻ ഞങ്ങൾക്ക് അനുവാദമില്ല. ഞങ്ങളുടെ യോഗങ്ങൾക്കും കൺവെൻഷനുകൾക്കും ഐ.പി.സി. യുടെ നേതൃനിരയിലുള്ളവരെ വിളിക്കാം. അതുപോലെ ഒരു വീടെന്നു കരുതി അവർക്കു വന്നു ശുശ്രൂഷിക്കാം.

***ഇതൊരു വലിയ നേട്ടമായി കരുതാനുണ്ടോ ?***

ഉണ്ട്. ഞങ്ങൾ ഐ.പി.സി. ക്കാരാണ്. ഞങ്ങളുടെ മാതൃസഭയുമായി ബന്ധപ്പെട്ടുപോകാൻ ഞങ്ങൾക്ക് വളരെ ആഗ്രഹമുണ്ട്. കഴിഞ്ഞ ചില വർഷങ്ങളിൽ അതു സാധിക്കാതെ പോയതിൽ ഞങ്ങൾ ദുഃഖിച്ചു കഴിയുകയായിരുന്നു.

***ദുഃഖിച്ചിരിക്കുക മാത്രമേ ചെയ്തൊള്ളോ. ഒന്നിച്ചുപോകുവാൻ എന്തെങ്കിലും വഴി അന്വേഷിച്ചോ ?***

ഞങ്ങൾ വളരെ പരിശ്രമിച്ചു. എന്നാൽ എല്ലാ ശ്രമങ്ങളും വിഫലമായി. പാസ്റ്റർ ജേക്കബ് ജോൺ ഐ.പി.സി. യുടെ ജനറൽ പ്രസിഡണ്ടായതിനു ശേഷമാണ് ഞങ്ങൾക്കു അംഗീകാരം കിട്ടിയത്. അദ്ദേഹം ആ കാര്യത്തിനു വളരെ പ്രാധാന്യം നൽകി കൗൺസിലിൽ അവതരിപ്പിച്ച് അംഗീകാരം തരികയായിരുന്നു.

***ഒരു അഫിലിയേഷനിൽ ഒതുങ്ങി നിൽക്കാതെ അമാൽഗമേഷനുവേണ്ടി ശ്രമിക്കുമോ?***

അതിനെപ്പറ്റി ഗൗരവമായി ചിന്തിക്കുന്നുണ്ട്.

***നോർത്തേൺ റീജിയന്റെ പ്രവർത്തനം നോർത്ത് ഇന്ത്യയിലുള്ള എല്ലാ സ്റ്റേറ്റിലും വ്യാപിച്ചു കിടക്കുമ്പോൾ അതാതു സ്റ്റേറ്റുകളിലുള്ള ഐ. പി.സി. പ്രവർത്തനങ്ങളുമായി പ്രശ്നമുണ്ടാകാൻ സാധ്യതയില്ലേ ?***



**Pastor Samuel John and Bro. Varghese Kollakompil**

ഇല്ല. നോർത്ത് ഇന്ത്യയിൽ ഒരു പ്രവർത്തനവും ഇല്ലാത്ത സ്ഥലങ്ങളിലാണ് ഞങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ പ്രവർത്തിക്കുവാൻ പൊതുവേ ആരും ആഗ്രഹിക്കാത്തതുകൊണ്ട് ഞങ്ങളുടെ പ്രവർത്തനങ്ങളുമായി ആർക്കും ഒരിക്കലും പ്രശ്നമുണ്ടാവുകയില്ല.

***ജോലി ചെയ്യുന്നവരെയും ബിസിനസുകാരെയുമെല്ലാം നോർത്തേൺ റീജിയൻ നേതൃത്വം പാസ്റ്റർമാരാക്കുന്നു എന്നു കേൾക്കുന്നു. ശരിയാണോ?***

ഞങ്ങൾ അങ്ങനെ ചെയ്യുന്നില്ല. ഏതെങ്കിലും പയനീയർ ഫീൽഡിലോ ഔട്ട് സ്റ്റേഷനിലോ സുവിശേഷ വിളിയുള്ള സഹോദരന്മാർ പ്രവർത്തിച്ചിട്ടുണ്ടാകും. സുവിശേഷ പ്രവർത്തകർക്കു വിളിയും തിരഞ്ഞെടുപ്പും ഉണ്ടാകുന്നതോടൊപ്പം ട്രെയിനിംഗ് കൂടെ ആവശ്യമാണ്. എന്നാൽ ഭാരത സുവിശേഷീകരണത്തിനു ജോലിചെയ്യുന്ന, ബിസിനസ് ചെയ്യുന്ന സഹോദരങ്ങൾക്കു ദൈവവിളിയുണ്ടെങ്കിൽ അവർക്ക് ട്രെയിനിംഗ് കൊടുത്ത് ഔട്ട്സ്റ്റേഷനുകളിൽ ആക്കിയാൽ വൻ വിജയമായിരിക്കുമെന്നു എനിക്കു തോന്നുന്നു. ഇങ്ങനെ ചെയ്താൽ രണ്ടു വർഷത്തിനുള്ളിൽ ഇപ്പോഴത്തെ സഭകളുടെ മൂന്നിരട്ടി സഭകൾ ഉണ്ടാകും എന്നു മാത്രമല്ല അവർക്കാവശ്യമായ ഫണ്ട് അവർ തന്നെ കണ്ടെത്തുമെന്നുള്ളതിനാൽ നേതൃത്വത്തിനു പ്രത്യേകിച്ചു സാമ്പത്തിക ഭാരവും ഉണ്ടാകുന്നില്ല. ഈ കാര്യത്തെപ്പറ്റി പെന്തെക്കോസ്തു നേതൃത്വം ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

***ജോലിയും മറ്റും ചെയ്തുകൊണ്ടിരിക്കുന്നവർ ട്രെയിനിംഗ് എടുക്കുവാൻ കുടുംബത്തെയും ജോലിയുമെല്ലാം വിട്ട് മറ്റൊരു നഗരത്തിലേക്കു പോയാൽ ജോലി നഷ്ടപ്പെടുകയില്ലേ ? അപ്പോൾ നാം ചിന്തിക്കുന്ന രീതിയിലുള്ള സുവിശേഷ പ്രവർത്തനങ്ങൾ നടക്കുകയില്ലല്ലോ ?***

ട്രെയിനിംഗ് കൊണ്ട് ഉദ്ദേശിക്കുന്നത് ആഴമായ ഒരു വേദപഠനമല്ല. സാഹചര്യങ്ങളനുസരിച്ച് സുവിശേഷം അറിയിക്കാനും, ആളുകളെ ചേർത്തുകൊണ്ടുപോകുവാനും സഭാ പാസ്റ്റർക്കും സഭാ നേതൃത്വത്തിനും വിധേയപ്പെട്ടു പോകാനുമൊക്കെയാണ് പഠിപ്പിക്കുന്നത്. ഒരാഴ്ച വീതം പല പ്രാവശ്യം ഈ ക്ലാസുകളിൽ സംബന്ധിച്ചു പഠനം പൂർത്തിയാക്കാം. ഏതെങ്കിലും ഒരു പ്രാവശ്യം വരാൻ കഴിയാത്തവരുണ്ടെങ്കിൽ അവർക്കുവേണ്ടി അതേ ക്ലാസ് മറ്റൊരു സമയത്തു നടത്തും. അപ്പോൾ സംബന്ധിച്ചു പഠിക്കാം. അങ്ങനെ ജോലിപോകാതെ ഭാരത സുവിശേഷീകരണത്തിൽ പങ്കാളികളാകാം.

***വായനക്കാരോടെന്തെങ്കിലും പറയുവാനുണ്ടോ?***

ഭാരത സുവിശേഷീകരണത്തിൽ ഏതെങ്കിലും തരത്തിൽ നിങ്ങൾ പങ്കാളികളാകണം എന്നു പ്രത്യേകാൽ ഓർമ്മിപ്പിക്കുന്നു. സുവാർത്താ പ്രവർത്തകർക്കു എന്റെ വന്ദനം അറിയിക്കുന്നു.

●